കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

# 2015-16

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/551/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം,
തിയതി.02-03-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.3/17

നം.കെ.എസ്.എ.എം.പി.എം.4/551/17 തിയ്യതി: 02-03-2017

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-4-15 മുതൽ 31-3-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 07 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള ഉചിതമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വി.കെ.ഷാജി,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 6-2-17 മുതൽ 14-2-17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. സി. പി. അബ്ദുൽ സത്താർ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി സൽമത്ത് ടി.പി. | അസി.ഓഡിറ്റ്ഓഫീസർ |
| | | ശ്രീ. മുഹമ്മദ് സിയാദ് പി.പി. | സീനിയർ ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. വി.വി.ജമീല ടീച്ചർ | 1-4-15 മുതൽ 31-10-15 വരെ |
| | | ബി.ഡി.ഒ.,എ.എക്സ്.ഇ.,സി.ഡി.പി.ഒ. (അഡ്ഹോക്ക് കമ്മിറ്റി) | 1-11-2015 മുതൽ 18-11-2015 വരെ |
| | | ശ്രീ.അബ്ദുൽ കലാം മാസ്റ്റർ | 19-11-2015 മുതൽ 31.3.2016 തുടരുന്നു. |
| സെക്രട്ടറി | : | ശ്രീ.കെ.ഗോപാലകൃഷ്ണൻ | 1-4-15 മുതൽ 30-5-15എഫ്.എൻ. വരെ |
| | | ശ്രീമതി. ആയിശാബി പി.ഒ. | 30-5-15എ.എൻ. മുതൽ 3-8-15 വരെ |
| | | ശ്രീ.അജീഷ് സി.കെ. | 4-8-2015 മുതൽ 27-11-2015വരെ |
| | | ശ്രീ.വിഷ്ണു നമ്പൂരി എം.പി. | 28-11-2015 മുതൽ 1-2-2016 വരെ |
| | | ശ്രീ.ബൈജു പി. | 2-2-2016 മുതൽ 18-2-2016 വരെ |
| | | ശ്രീ.രാമദാസ് ഒ.പി | 19-2-16 മുതൽ 31-3-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| നിർവ്വഹണഉദ്യോഗസ്ഥർ | : | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി. എക്സി.എഞ്ചിനിയർ | | ശ്രീ.പി.കൃഷ്ണൻകുട്ടി | 1-4-15 മുതൽ 31-3-16 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | | ശ്രീമതി.കെ.ആനന്ദബായി | 1-4-14.മുതൽ 8-5-15 എ.എൻ വരെ |
| | | ശ്രീമതി. ലീല സി.പി.ഇൻ ചാർജ് | 9-5-2015 മുതൽ 8-6-15 വരെ |
| | | ശ്രീമതി.കെ.ആനന്ദബായി | 08.06.15 മുതൽ 09.02.16 AN വരെ |
| | | ശ്രീമതി ജയശ്രീ എം | 09.02.16 മുതൽ 11.02.16 FN വരെ |
| | | ശ്രീമതി സലീന ബീവി | 11.02.16 AN മുതൽ 31.03.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി.ഒ.സജിനി | 1-4-15 മുതൽ 31-3-16 വരെ |
| മെഡിക്കൽഓഫീസർ | | ഡോ. ഷാന്റി | 01.04.15മുതൽ 01.02.16വരെ |
| | | ഡോ.ശ്രീബിജു | 02.02.16മുതൽ 31.03.16 വരെ |
| പട്ടികജാതി വികസന ഓഫീസർ | | ശ്രീ. ജോൺ നൈനാൻ | 01.04.15മുതൽ 02.06.2015വരെ |
| | | ശ്രീമതി ശ്രീരശ്മി | 02.06.15 AN മുതൽ 19.06.15 വരെ |
| | | ശ്രീ. സുന്ദരൻ കെ. | 20.06.15മുതൽ 31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് - | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. - | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ- | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | രശീതി പരിശോധന:അപാകതകൾ | 2-1 | |
| 13 | E-ടെണ്ടർ ഫോറം വില പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയില്ല. | 2-2 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 14 | റോഡ് റീടാറിംഗ് പ്രവൃത്തികളിൽ അധികം തുക നല്കി | 3-1 | |
| 13 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ. | 3-2 | |
| 14 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ വിവിധ രജിസ്റ്ററുകളിലെ അപാകതകൾ. | 3-3 | |
| 15 | SCDO-പദ്ധതി അപാകതകൾ | 3-4 | |
| 16 | പൂർത്തീകരണ സാക്ഷ്യപത്രം – നൽകുന്നത് തെറ്റായ വിവരങ്ങൾ | 3-5 | |
| 17 | ഐ.എ.വൈ.-തുക മുൻകൂറായി പിൻവലിച്ചു, നാളിതുവരെ വിതരണം ചെയ്തില്ല. | 3-6 | |
| 18 | കൊയ്ത്തുമെതി യന്ത്രം – വരിന്റെ ഭൂരിഭാഗവും ചെലവ് ശേഷിക്കുന്നത് നാമമാത്രമായ തുക | 3-7 | |
| 19 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ-വിശദ വിവരങ്ങൾ ലഭ്യമല്ല | 3-8 | |
| | ഭാഗം 4 | | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ - | 4-2 | |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 25 | ഓഡിറ്റ് റിക്കവറി | 4-6 | |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. - | 4-7 | |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് തീരുമാനം നം. 1(1) തിയതി 30.3.2015 പ്രകാരം പാസ്സാക്കി

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2016 | 30-7-2016 | - | |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 02-03-2017 | അനുബന്ധമായിചേർത്തിട്ടുണ്ട് |

വാർഷിക കണക്കുകളിലെ അപാകതകൾ.

1.വാടക ഇനത്തിലുള്ള തൻ വർഷ വരവ് AFS പ്രകാരം2,08,569 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം വരവ് 2,18,182 രൂപയാണ്.9,613 രൂപ വ്യത്യാസം.

2.ആസ്തി രജിസ്റ്റർ അപൂർണ്ണമാണ്.കടിവെള്ളം, ജലസേചനം, തുടങ്ങിയവ ,സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ II-ൽ ഒന്നും രേഖപ്പെടുത്തിയ്ട്ടില്ല.റോഡുകൾ, ലെയ്നുകൾ, കലുങ്കുകൾ തുടങ്ങിയവയുടെ വിവരങ്ങൾ ചേർക്കേണ്ട

രജിസ്റ്റർ III ൽ ബ്ളോക്ക് ഓഫീസ് കോംപൗണ്ടിലേക്കുള്ള റോഡുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.2015-16 വർഷത്തിൽ 34,90,900 രൂപചെലവഴിച്ച് താലൂക്ക് ആശുപത്രിയിൽ ഒരു De- addiction Centre നിർമ്മിച്ചിട്ടുണ്ടെങ്കിലുംആയത് ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
3.അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
4.വർഷാന്ത്യ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല
5.ഓരോ മാസത്തെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയോഗങ്ങളിൽ വരവ് കണക്കുകൾ അവതരിപ്പിക്കുന്നില്ല.ചെലവ് കണക്കുകൾ മാത്രമേ അവതരിപ്പിക്കുന്നുള്ളൂ.
6.R&P പത്രികയിലെ Sale of timber,Sale of tender forms(RP-,,5),Rent receivables form Buildings(Current & Arrear) -RP-43, എന്നിവ പ്രകാരമുള്ള വരവുകളുടെ ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42333339 |
| വരവ് | 83659385 |
| ആകെ | 125992724 |
| ചെലവ് | 96333796 |
| നീക്കിയിരിപ്പ് | 29658928 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4756439 | 39618021 | 44550280(*) | 27422393 | 17127887 | 62 |
| വികസനഫണ്ട് എസ്.സി.പി. | 4315885 | 9530000 | 10489044(*) | 9587388 | 901656 | 91 |
| വികസനഫണ്ട് ടി.എസ്.പി. | - | 41000 | 41000 | 0 | 41000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 619941 | 5284000 | 5903941 | 4133164 | 177077 | 70 |

(*)G.O.(Ms)213/15/തീയതി 29-05-2015 പ്രകാരം എ.സി.ആർ ബാലൻസും ട്രഷറി ബാലൻസും ക്രമീകരിച്ചു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 120706675 | 89 | 49016095 | 4 | 26 | 77 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 34 ശതമാനം കുറവ് കാണുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 361489 | 235912 | 125577 | 34 |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 361489 | 235912 | 125577 | (-)34 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-1-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7600 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വരവുള്ള എല്ലാ ദിവസങ്ങളിലെയും ഡേബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്. കൂടാതെ റദ്ദ് ചെയ്യുന്ന രശീതികൾ കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി വെക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ടിലും ചെക്ക് ഇഷ്യൂ റജിസ്റ്ററിലും രേഖപ്പെടുത്തുന്ന ഇടപാടുകൾ സാംഖ്യയിൽ രേഖപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിക്കവറി റജിസ്റ്ററിൽ റിക്കവറിയുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-7-16 മുതൽ 30-7-16 വരെ | 1-4-2015 മുതൽ 30-6-16 വരെ | 19-9-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-8-2016 മുതൽ 20-8-2016 വരെ | 1-6-2013 മുതൽ 31-7-2016 വരെ | 19-9-16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധന:അപാകതകൾ

രസീതി പ്രകാരം വരവുള്ള എല്ലാ ദിവസങ്ങളിലെയും ഡേബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ ജി.ഒ.എം.എസ്. 83/11 ത.സ്വ.ഭ.വ. തി.28-3-2011, കേരളാ പഞ്ചായത്ത് രാജ് എക്കൗണ്ട് ചട്ടങ്ങൾ 2011 പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്. കൂടാതെ റദ്ദ് ചെയ്യുന്ന രശീതികൾ കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 2-2 E-ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയില്ല.

2015-16 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും E-Tender മുഖേനയായിരുന്നു. ഇവയുടെ ടെണ്ടർ ഫോറം വിലയും സെക്യൂരിറ്റി ഡെപ്പോസിറ്റുകളും പഞ്ചായത്ത്ഫണ്ടിൽ വരവു വന്നിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.1/ 7-2-17 പ്രകാരം വിവരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് റീടാറിംഗ് പ്രവൃത്തികളിൽ അധികം തുക നല്കി.

2015-16 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മരാമത്തു പ്രവൃത്തികളിലെ റോഡ് റീടാറിംഗ് പ്രവൃത്തികളിൽ ആകെ സീൽകോട്ട് ( CPWD Code 16.41) ചെയ്തതിനേക്കാൾ അധികം അളവിൽ ടാക്ക്കോട്ട് (CPWD Code 16.30.2), ചിപ്പിംഗ് കാർപെറ്റ് (CPWD Code 16.32.1) എന്നിവ ചെയ്തതായി കാണിച്ച പ്രതിഫലം നൽകിയതുവഴി അധിക ചെലവുണ്ടായിട്ടുണ്ട്. റീടാറിംഗ് പ്രവൃത്തികളിൽ ആവശ്യമായ പ്രവൃത്തി ഇനങ്ങൾ പോട്ട്ഹോൾ ഫില്ലിംഗ്, ടാക്ക്കോട്ട്, ചിപ്പിംഗ് കാർപെറ്റ്, സീൽകോട്ട് എന്നിങ്ങനെ നാലു ഇനങ്ങളാണ് . നിലവിലുള്ള റോഡിൽ രൂപപ്പെട്ട കുഴികൾ നികത്തുന്നതിനു പോട്ട്ഹോൾ ഫില്ലിംഗ് എന്ന ഇനം ചെയ്തു ക്രമപ്പെടുത്തിയ പ്രതലത്തിൽ ടാക്ക്കോട്ട്, ചിപ്പിംഗ് കാർപെറ്റ് എന്നിവ ചെയ്തു സീൽകോട്ട് ചെയ്യുന്നതിനാൽ, പോട്ട്ഹോൾ ഫില്ലിംഗ് ഇനത്തിന്റെ അളവ് കുറവും മറ്റു മൂന്നിനങ്ങളുടെയും അളവു തുല്യവുമായിരിക്കും. എന്നാൽ ഇവിടെ വിവിധ പ്രവൃത്തികളിൽ വ്യത്യസ്തയിനങ്ങളിലാണ് തുല്യ അളവുകൾ ഉൾപ്പെടുത്തി നിരക്ക് നൽകിയിട്ടുള്ളത്. അതുമൂലമുണ്ടായ വ്യത്യാസം ചുവടെയുള്ള ടേബിളിൽ ചേർക്കുന്നതോടൊപ്പം അവസാന ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നതും കാണുക. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ സീൽകോട്ട് ചെയ്ത അളവിലും കൂടുതൽ പ്രതലത്തിൽ ടാക്ക്കോട്ട്, ചിപ്പിംഗ് കാർപെറ്റ് എന്നിവ ചെയ്തതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി ഇനങ്ങളും തുകയും | അധികം തുക നല്കിയതിന്റെ വിവരം |
|---|---|---|---|
| 1 | *പ്രൊജക്റ്റ് നം.* 87/16 കണ്ണാടിത്തടം അത്താണിക്കൽ റോഡ് റീടാറിംഗ്.<br>*സാങ്കേതിക /ഭരണ അനുമതി:* 5,00,000<br>*കരാർ നം.* 29/AEE/15-16 /5-1-16 ( -16%)<br>*അളവു പുസ്തകം.*188/15-16<br>**ബിൽ ക്രമ നം.* 41/31-3-16 Rs. 4,15,800 | 1.പോട്ട്ഹോൾ ഫില്ലിംഗ് 183.5 m2@ 354.65/m2 = 65078.27<br>2.ടാക്ക്കോട്ട് 1080.74 m2 @ 50.55/m2 = 54631.41<br>3.ചിപ്പിംഗ് കാർപെറ്റ് 1080.74 @ 226.05/m2 = 244301.28<br>4.സീൽകോട്ട് 1053.30 m2 @ 131/m2 = 137982.3 | *ഇനം2.* 1080.74- 1053.3 = 27.44 @ 50.55/m2= 1387.09<br>*ഇനം3.* 1080.74- 1053.3 = 27.44 @ 226.05/m2= 6202.81<br>Total-- 7589.90<br>(-) 16% 1214.38<br>6375.52 |
| 2 | *പ്രൊജക്റ്റ് നം.* 47/16 കരിങ്കല്ലത്താണി കാളികാവ് റോഡ് റീടാറിംഗ്.<br>*സാങ്കേതിക /ഭരണ അനുമതി:* 5,00,000<br>*കരാർ നം.* 9/AEE/15-16 /29-9-15 ( -16.8%) | 1.പോട്ട്ഹോൾ ഫില്ലിംഗ് 84.53 m2@ 354.65/m2 = 29,978.56<br>2.ടാക്ക്കോട്ട് 1142.01 m2 @ 50.50/m2 = 57,671.51<br>3.ചിപ്പിംഗ് കാർപെറ്റ് 1206.29 m2 @ 226/m2 = 2,72,621.54 | *ഇനം3.* 1206.29- 1142.01 = 64.28 @ 226/m2= 14,527.28<br>(-) 16.8% 2440.58<br>12,086.69 |

| | | | |
|---|---|---|---|
| | അളവു പുസ്തകം.181/15-16<br>*ബിൽ ക്രമ നം. 23/21-3-16 Rs. 4,11,840 | 4.സീൽകോട്ട് 1142.01 m2 @ 131/m2 = 1,49,603.31 | |
| 3 | പ്രൊജക്ട് നം. 66/16 കാടപ്പടി പാത്തിക്കുഴി റോഡ് റീടാറിംഗ്.<br>സാങ്കേതിക /ഭരണ അനുമതി: 5,00,000<br>കരാർ നം. 23/AEE/15-16 /29-9-15 ( -10.2%)<br>അളവു പുസ്തകം.178/15-16<br>*ബിൽ ക്രമ നം. 18/15-3-16 Rs. 4,44,460 | 1.പോട്ട്ഹോൾ ഫില്ലിംഗ് 149.99 m2@ 354.60/m2 = 53,186.45<br>2.ടാക്ക്കോട്ട് 1065.40 m2 @ 50.55/m2 = 53,855.97<br>3.ചിപ്പിംഗ് കാർപെറ്റ് 1118.64 m2 @ 226/m2 = 2,52,868.57<br>4.സീൽകോട്ട് 1065.40 m2 @ 131/m2 = 1,39,567.40<br>5. Earth Filling 3.31bm3 @ 422.6/m3 = 1398.81 | ഇനം3. 1118.64- 1065.40 = 53.24 @ 226.05/m2= 12034.90<br>(-) 10.2% 1227.56<br>10807.34 |
| 4 | പ്രൊജക്ട് നം. 70/16 ആലുങ്ങൽ കുന്നത്ത് റോഡ് റീടാറിംഗ്.<br>സാങ്കേതിക /ഭരണ അനുമതി: 5,00,000<br>കരാർ നം. 18/AEE/15-16 /3-10-15 ( -17.7%)<br>അളവു പുസ്തകം.169/15-16<br>*ബിൽ ക്രമ നം. 13/19-2-16 Rs. 2,62,021<br>*ബിൽ ക്രമ നം. 14/19-2-16 Rs. 1,49,479 | 1.പോട്ട്ഹോൾ ഫില്ലിംഗ് 136.39 m2@ 354.65/m2 = 48,370.71<br>2.ടാക്ക്കോട്ട് 1100.40 m2 @ 50.55/m2 = 55,625.22<br>3.ചിപ്പിംഗ് കാർപെറ്റ് 1124.24 m2 @ 226.05/m2 = 2,54,134.45<br>4.സീൽകോട്ട് 1100.40 m2 @ 131/m2 = 1,44,152.40 | ഇനം3. 1124.24- 11//.4/ = 23.84 @ 226.05/m2= 5389.03<br>(-) 17.7% 953.85<br>4,435.17 |

| | | | |
|---|---|---|---|
| | | | |
| 5 | *പ്രൊജക്ട് നം.* 63/16 ദേവതിയാൽ ഹെൽത്ത് സെന്റർ റോഡ് റീടാറിംഗ്.<br>*സാങ്കേതിക /ഭരണ അനുമതി:* 5,00,000<br>*കരാർ നം.* 9/AEE/15-16 /13-10-15 ( -18.3%)<br>*അളവു പുസ്തകം.*182/15-16<br>**ബിൽ ക്രമ നം.* 27/21-3-16 Rs. 4,04,445 | 1.പോട്ട്ഹോൾ ഫില്ലിംഗ് 163.06 m2@ 354.60/m2 = 57,821.08<br>2.ടാക്ക്കോട്ട് 1054.09 m2 @ 50.55/m2 = 53,284.25<br>3.ചിപ്പിംഗ് കാർപെറ്റ് 1111.52 m2 @ 226.05/m2 = 2,51,259.10<br>4.സീൽകോട്ട് 1054.09 m2 @ 131/m2 = 1,38,085.79 | *ഇനം3.* 1111.52- 1054.09 = 57.43 m2 @ 226.05/m2= 12,982.05<br>(-) 18.3% 2375.71<br>10,606.33 |
| 6 | *പ്രൊജക്ട് നം.* 54/16 നമ്പൂളം സൌത്ത് റോഡ് റീടാറിംഗ്.<br>*സാങ്കേതിക /ഭരണ അനുമതി:* 5,00,000<br>*കരാർ നം.* 38/AEE/15-16 /2-2-16 ( -18.1%)<br>*അളവു പുസ്തകം.*191/15-16<br>**ബിൽ ക്രമ നം.* 45/31-3-16 Rs. 4,05,405 | 1.പോട്ട്ഹോൾ ഫില്ലിംഗ് 141.05 m2@ 352.50/m2 = 49,720.13<br>2.ടാക്ക്കോട്ട് 510.03 m2 @ 50.50/m2 = 25,756.52<br>3.ചിപ്പിംഗ് കാർപെറ്റ് 553.81 m2 @ 226.05/m2 = 1,25,161.06<br>4.സീൽകോട്ട് 510.03 m2 @ 131/m2 = 66,813.93<br>5. PCC 1:4:8<br>6. PCC 1:2:4 | *ഇനം3.* 553.81- 510.03 = 43.78 m2 @ 226.05/m2= 9896.47<br>(-) 18.1% 1791.26<br>8,105.21 |

| | | | |
|---|---|---|---|
| | | | |
| 7 | *പ്രൊജക്റ്റ് നം.* 69/16 ഇരുമ്പൻ കുടുക്ക് കുമണ്ണ പുകയൂർ റോഡ് റീടാറിംഗ്.<br>*സാങ്കേതിക /ഭരണ അനുമതി:* 5,00,000<br>*കരാർ നം.* 25/AEE/15-16 /19-11-15 ( -8.55%)<br>*അളവു പുസ്തകം.*177/15-16<br>**ബിൽ ക്രമ നം.* 20/15-3-16 Rs. 4,52,677 | 8.പോട്ട്ഹോൾ ഫില്ലിംഗ് 69.21 m2@ 354.60/m2 = 24,541.87<br>9.ടാക്ക്കോട്ട് 421.35 m2 @ 50.55/m2 = 21,299.24<br>10.ചിപ്പിംഗ് കാർപെറ്റ് 731.28 m2 @ 226.05/m2 = 1,65,305.84<br>11.സീൽകോട്ട് 687.35 m2 @ 131/m2 = 90,042.85 | *ഇനം10.* 731.28 – 687.35 = 43.93 m2 @ 226.05/m2 = 9930.38<br>(-) 8.55% 849.08<br>9,081.30 |
| * ബിൽ നമ്പർ കാഷ് ബുക്ക്,ട്രഷറി ബിൽബുക്ക് എന്നിവയിലൊന്നും രേഖപ്പെടുത്തിയിട്ടില്ല. | | | |

ക്രമ നം.1 മുതൽ 7 കൂടിയവയിലെ ആകെ നഷ്ട തുക (6,375.52+ 12,086.69+ 10,807.34+ 4,435.17+ 10,606.33 + 8,105.21 +9,081.30 = 61,497.56) 61,498 രൂപ തിരിച്ചീടാക്കാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നം.4/28-02-2017 ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ താഴെ പറയുന്ന വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.

*"ലെവലിംഗ് കോഴ്സിനു പ്രത്യേകം ടാക്ക് കോട്ട് ആവശ്യമായതിനാൽ ടാക്ക്കോട്ടിന്റെ അളവു സീൽകോട്ടിന്റെ അളവിനേക്കാൾ കൂടുതൽ ആയിരിക്കും. ചിപ്പിംഗ് കാർപെറ്റും ലെവലിംഗ് കോഴ്സും 20 mm പ്രീമിക്സ് ഉപയോഗിച്ചാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ സീൽകോട്ടിന്റെ അളവിനേക്കാൾ കൂടുതൽ അളവിൽ ചിപ്പിംഗ് കാർപെറ്റിന്റെ അളവ് ഉണ്ടാവും."*

പോട്ട്ഹോൾ ഫില്ലിംഗിനുള്ള ഡാറ്റ (as per MORD Specification Clause 506) പ്രകാരം നിലവിലുള്ള റോഡ് പ്രതലത്തിൽ ഇടവിട്ട് ബിറ്റുമിൻ പ്രയോഗിക്കേണ്ടതുണ്ട്. അതിനാൽ പ്രത്യേകം ടാക്ക്കോട്ടിന്റെ ആവശ്യകതയില്ല. ഈയിനം പ്രവൃത്തി ചെയ്തതിനു പുറമേ ലെവലിംഗ് കോഴ്സിനു 20 mm ചിപ്പിംഗ് കാർപെറ്റിന്റെയും ആവശ്യകതയില്ല. ആയതിനാൽ മേൽ പ്രവൃത്തികളിൽ അധികച്ചെലവുണ്ടായിട്ടുണ്ടെന്നു വ്യക്തമാണ്.

അധികം നല്കിയ 61,498 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ.പി.കൃഷ്ണൻ കുട്ടിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-2** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ.

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പദ്ധതി നിർവഹണത്തിൽ പൊതുവായി

ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1.ആസ്തി രജിസ്റ്ററിൽ കാലികമായി വിവരങ്ങൾ ചേർക്കുന്നില്ല.

തൻ വർഷം 50 പ്രൊജക്ടുകളിലായി 2,63,34,845 രൂപയുടെ നിർമാണ / പുനർനിർമാണ പ്രവൃത്തികൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നടത്തിയിട്ടുണ്ട്. എന്നാൽ ഇവയെല്ലാം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മറ്റു തലങ്ങളിലുള്ള പഞ്ചായത്തുകളുടെ ആസ്തികളിലെ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ രജിസ്റ്ററിലുള്ളവയുടെ സാക്ഷ്യ പത്രമോ, മൂല്യ വർധന വരുത്തിയ ആസ്തികൾ തിരിച്ചു നൽകിയപ്പോൾ രജിസ്റ്ററിൽ കാലികമായ മാറ്റം വരുത്തിയതായ സാക്ഷ്യ പത്രമോ ഫയലിൽ ഇല്ല. താലൂക്ക് ഹോസ്പിറ്റലിൽ നടത്തിയ പ്രവൃത്തികളും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2. എസ്റ്റിമേറ്റ് രേഖകളിലെ അപാകതകൾ

എസ്റ്റിമേറ്റിനോടൊപ്പം ആവശ്യമായ ലൊക്കേഷൻ മാപ്പ്, ഡ്രോയിങ്ങുകൾ, സ്കെച്ചുകൾ എന്നിവ എല്ലാ ഫയലിലും ഇല്ല. പൊതുവേ ഫയലിൽ ലൊക്കേഷൻ മാപ്പ് മാത്രമേ ഉള്ളൂ. ഇലക്ട്രിക് പ്രവൃത്തികളിൽ ഡ്രോയിങ്ങുകൾ തീരെ ഇല്ല.

3. പുതിയ നിർമിതികൾ ഉപകാരപ്രദമാകുന്നില്ല .

കെട്ടിടങ്ങൾ നിർമിക്കുന്നതിനുള്ള പ്രാഥമിക എസ്റ്റിമേറ്റ് (Rogh cost estimate) തയ്യാറാക്കുമ്പോൾ, പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കാൻ ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തണമെന്ന് പൊതുമരാമത്ത് മാനുവലിലും, കോഡിലും നിർദേശമുള്ളതാണെങ്കിലും, അപ്രകാരം ചെയ്യാതെ, ലഭ്യമായ ഫണ്ടിൽ പരിമിതപ്പെടുത്തിയുള്ള ഇനങ്ങൾ മാത്രം ഉൾപ്പെടുത്തിയുള്ള വിശദമായ എസ്റ്റിമേറ്റാണ് ആദ്യമേ തയ്യാറാക്കുന്നത്. ഇലക്ട്രിക്കൽ, പ്ലംബിംഗ് & സാനിറ്റേഷൻ ഇനങ്ങൾ ഉൾപ്പെടുത്താതെ പ്രവൃത്തി ചെയ്തതിനാൽ, താലൂക്ക് ആശുപത്രിയിൽ നിർമിച്ച ഡി-അഡിക്ഷൻ സെന്റർ ഉൾപ്പെടെ പലതും ഇപ്പോഴും ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു മരാമത്തു പ്രവൃത്തി മൂലം ലഭ്യമാകേണ്ട പ്രയോജനം പൂർണമായും ഉറപ്പാക്കാൻ ആവശ്യമായ അടിസ്ഥാന ഇനങ്ങൾ എല്ലാം ഉൾപ്പെടുത്തി കരട് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അതിന്റെ വിജയകരമായ പൂർത്തീകരണത്തിനായി വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ട് വകയിരുത്തി ഏകവർഷ പ്രൊജക്ടോ ബഹു വർഷ പ്രൊജക്ടോ ആയി പദ്ധതി തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിർവഹണകലണ്ടർ ക്രമീകരിക്കുകയുമാണ് വേണ്ടിയിരുന്നത്. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ പ്രധാനപ്പെട്ട ഈ കർത്തവ്യം നിർവഹിക്കാതെ, ആദ്യമേ ലഭ്യമായ ഫണ്ടിൽ പരിമിതപ്പെടുത്തിയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതി പിന്തുടരുന്നതിനാൽ പല പ്രവൃത്തികളുടെയും പ്രയോജനം ലഭ്യമാകാതെ പോകുന്നു.

4. ആസ്തി കൈമാറുന്ന രേഖകളില്ല.

താലൂക്ക് ഹോസ്പിറ്റൽ, പ്രീ മെട്രിക് ഹോസ്റ്റൽ തുടങ്ങിയ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർമാണ പ്രവൃത്തികൾക്ക് , പൂർത്തിയായാൽ അത്തരം സ്ഥാപന മേധാവികളിൽ നിന്നും ആസ്തി കൈമാറിയ സാക്ഷ്യ പത്രം വാങ്ങേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിർവഹണം നടത്തിയ ചില പ്രവൃത്തികളിൽ സൈറ്റ് കൈമാറാൻ സ്ഥാപന മേധാവികൾക്ക് അറിയിപ്പ് നൽകിയ രേഖകൾ കാണുന്നുണ്ടെങ്കിലും, പൂർത്തീകരണത്തിനു ശേഷം ആസ്തി കൈമാറിയ രേഖകൾ ഒരു ഫയലിലും ലഭ്യമല്ല.

5. പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല.

പ്രവൃത്തികൾ നിർദിഷ്ട സമയ പരിധിക്കകം പൂർത്തിയാക്കുകയും, വൈകിയതിന് പിഴ ഈടാക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി, എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ ഫോറം, കരാർ തുടങ്ങിയവയിൽ പൂർത്തീകരണ തിയ്യതി വ്യക്തമായി രേഖപ്പെടുത്തുകയും, അളവു പുസ്തകങ്ങളിൽ തിയ്യതികൾ ശരിയായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. തൻവർഷം നിർവഹണം നടത്തിയ പ്രൊജക്ട് നം. 22/16: താലൂക്ക് ആശുപത്രിയിൽ വിശ്രമ കേന്ദ്രവും ടോയ്‌ലെറ്റും, പ്രൊജക്ട് നം. 21/16 : താലൂക്ക് ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ എന്നീ പ്രവൃത്തികൾ സമയ പരിധി പാലിക്കാത്തതായും, തിയ്യതികൾ മാറ്റി എഴുതിയതായും കാണുന്നു. ഇത്തരം അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ വിവിധ രജിസ്റ്ററുകളിലെ അപാകതകൾ.

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിലെ വിവിധ രജിസ്റ്ററുകളുടെ പരിപാലനത്തിൽ കാണാനിടയായ അപാകതകൾ താഴെ ചേർക്കുന്നു.

1.കാഷ് ബുക്ക്.

കാഷ് ബുക്ക്, ട്രഷറി ബിൽ ബുക്ക് എന്നിവയിൽ ബിൽ നമ്പർ രേഖപ്പെടുത്തുന്നില്ല.

2. ട്രഷറി ബിൽ ബുക്ക്.

ട്രഷറി ബിൽ ബുക്കിൽ, കാഷ് ബുക്ക് എൻട്രി വരുത്തിയ തിയ്യതി കോളം 12- ൽ രേഖപ്പെടുത്തുന്നില്ല.

3. എഗ്രിമെന്റ് രജിസ്റ്റർ.

എഗ്രിമെന്റ് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേരു രേഖപ്പെടുത്തുകയോ, പേജുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി കോളം 10- ൽ രേഖപ്പെടുത്തുന്നില്ല. കോളം 8- ൽ, കരാർ ലംഘനത്തിനു ഈടാക്കിയ പിഴ ഉണ്ടെങ്കിൽ അതും, ഇല്ലെങ്കിൽ അക്കാര്യവും രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിലെ പേജ് 42, 43 എന്നിവയിൽ രേഖപ്പെടുത്തിയ ക്രമ നം. 1 മുതൽ 6 വരെയുള്ളവ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനു കാരണം രേഖപ്പെടുത്തുകയോ, ക്യാൻസലേഷൻ ഉത്തരവാദപ്പെട്ടവർ അധികൃതമാക്കുകയോ ചെയ്തിട്ടില്ല.

4. ടെണ്ടർ രജിസ്റ്റർ.

ടെണ്ടർ രജിസ്റ്ററിൽ Probable Amount of Contract, ടെണ്ടർ തുറക്കേണ്ടതും, തുറന്നതുമായ തിയ്യതികൾ, ടെണ്ടർ ലഭിച്ച തിയ്യതിയും സമയവും (കോളം 3) എന്നിവ പലപ്പോഴും രേഖപ്പെടുത്തുന്നില്ല. കോളം 5 ( No. And Date of Receipt issued), ഭരണ സമിതി ടെണ്ടർ അംഗീകരിച്ച തീരുമാനത്തിന്റെ നമ്പരും തിയ്യതിയും ( കോളം 8) എന്നിവ രേഖപ്പെടുത്തുന്നേയില്ല. കോളം 6-ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പലപ്പോഴും ഒപ്പു വയ്ക്കുന്നില്ല. ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരുള്ളവരുടെ ഒപ്പ് (കോളം 10) പലപ്പോഴും രേഖപ്പെടുത്തുന്നില്ല. 2010 മുതൽ ഉപയോഗിക്കുന്ന രജിസ്റ്ററിലെ പേജ് 76 മുതൽ 106 വരെയുള്ളവയിൽ ഒരാൾ ഒപ്പു വച്ചിട്ടുണ്ടെങ്കിലും അതാരാണെന്നു വ്യക്തമല്ല. ടി പേജുകളിൽ രേഖപ്പെടുത്തിയ എല്ലാ ടെണ്ടറുകളിലും പങ്കെടുത്ത ഒരാളും ഇല്ലെന്നിരിക്കേ, ഒരേ ആൾ ഇത്രയും പേജുകളിൽ ഒപ്പിട്ടത് എന്തിനെന്നു വ്യക്തമല്ല. E- Tender ചെയ്യുമ്പോൾ ടെണ്ടർ ഫോറം വില ഈടാക്കിയതിന്റെയും (കോളം 5), ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരുള്ളവരുടെയും (കോളം 10) വിവരങ്ങൾ ചേർക്കേണ്ടിടത്ത് ആവശ്യമായ വിശദീകരണം ചേർക്കുന്നുമില്ല.

2010 മുതൽ ഉപയോഗിക്കുന്ന രജിസ്റ്ററിൽ പേജുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതും, പേജ് 26, 54, 78, 87 എന്നിവ ഇല്ലാത്തതും, 101 മുതൽ 106 വരെ പേജ് നമ്പർ രേഖപ്പെടുത്താത്തതും വിശദീകരിക്കപ്പെടേണ്ടതാണ്. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ തുടങ്ങിയവയിൽ പ്രൊജക്റ്റ് നമ്പർ രേഖപ്പെടുത്താത്തതും അപാകതയാണ്.

*(വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 2/ 7-2-17 നൽകിയതിന് മറുപടി ലഭ്യമായിക്കിയിട്ടില്ല.)*

## 3-4 SCDO-പദ്ധതി അപാകതകൾ

SCDO നിർവ്വഹണം നടത്തിയ താഴെ കാണിച്ച പ്രോജക്ടുകളിൽ താഴെ പറയുന്ന അപാകത കാണുന്നു.

| പദ്ധതി | ബിൽ നമ്പർ | ചെലവവഴിച്ച തുക | അപാകതകൾ |
|---|---|---|---|
| പ്രി-റിക്രൂട്ട് മെന്റ് ട്രൈനിംഗ്-ടു SC യൂത്ത്& വുമൺ(നമ്പർ-51/16) | 18/15-16തിയതി 14-3-16 | 46750 | പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സൈന്യത്തിലേക്ക് പ്രവേശനം നേടുന്നതിനായി കോഴിക്കോട് പ്രി-റിക്രൂട്ട് മെന്റ് ട്രൈനിംഗ് സെന്ററിൽ വച്ച് 5 പേർക്ക് പരിശീലനം നൽകി. ജി.ഒ.(എം.എസ്)362/2013 ത.സ്വ.ഭ.വ.16-11-13 നമ്പർ സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് ഇത്തരം പരിശീലനങ്ങൾക്ക് തുക അനുവദനീയമല്ല.മേൽ മാർഗരേഖയിൽ പറയാത്ത ഇനങ്ങൾക്ക് സർക്കാരിൽ നിന്നും മുൻകൂർ അനുമതി |

| | | | |
|---|---|---|---|
| | | | വാങ്ങേണ്ടതായിരുന്നു.അന്വേഷണത്തെ തുടർന്ന് ഹാജരാക്കിയ 21.1.2010-ലെ ജി.ഒ. ആർ.ടി 239/10 ത.സ്വ.ഭ.വ. ഉത്തരവു 2015-16 ലേക്ക് ബാധകമാവില്ല. കൂടാതെ പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾ സൈനിക പ്രവേശനത്തിന് അപേക്ഷിച്ചതോ,റിക്രൂട്ട്മെന്റിനു ഹാജരായതോ സംബന്ധിച്ച വിശദാംശവും ലഭ്യമല്ല. |
| പട്ടിക ജാതിക്കാരായ യുവതികൾക്ക് സ്വയംതൊഴിൽ(നമ്പർ-53/16) | 19/15-16തി.14.-3.2016 4ലക്ഷം (പരപ്പനങ്ങാടി ഓട്ടോ റിക്ഷ ഡ്രൈവർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി) 22/15-16 തി. 29-3-2016 4ലക്ഷം(അരിയല്ലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക്) 23/15-16 തി. 29-2-2016 50000 ഇന്ത്യൻ ഓവർസീസ് ബാങ്ക്,ചെമ്മാട് | 850000 | 17 പേർക്ക് ഓട്ടോ വാങ്ങിക്കാനുള്ള സബ്സിഡിയായി 50000 രൂപ വീതം നല്കിയിട്ടുണ്ടെങ്കിലും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല. മാത്രമല്ല; വാഹനം വാങ്ങിയതുൾപ്പെടെയുള്ള തുടർ നടപടി പരിശോധിക്കാനും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി ബോധ്യപ്പെടാനും യുക്തമായ രേഖകൾ ഹാജരാക്കിയിട്ടുമില്ല. |

വിശദീകരണമാരാഞ്ഞു നല്കിയ അന്വേഷണത്തിനു അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നു മറുപടി നല്കുകയുണ്ടായി. ആയതിന്റെ വിശദാംശം റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ലഭ്യമാക്കേണ്ടതാണ്. അതു വരെ ചെലവു തുക 896750 (850000+46750)രൂപ തടസ്സം ചെയ്യുന്നു.

## **3-5** <u>ധനവിനിയോഗസാക്ഷ്യ പത്രം - നൽകുന്നത് തെറ്റായ വിവരങ്ങൾ</u>

ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് എന്നിവയുമായി ചേർന്ന് സംയുക്ത പ്രൊജക്ടായി ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കി വരുന്ന ഐ.എ.വൈ. (ജനറൽ & എസ്.സി) പദ്ധതിക്കായി ഘടക സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിലായി നൽകിയ തുകകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ധനവിനിയോഗസാക്ഷ്യ പത്രങ്ങൾ നൽകി വരുന്നുണ്ട്. ആയത് ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകളുമായി ഒത്തു നോക്കിയതിൽ അപ്രകാരം നൽകുന്ന സാക്ഷ്യ പത്രങ്ങളിൽ തെറ്റായ വിവരങ്ങളാണ് നൽകി വരുന്നതെന്ന് കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

| സ്ഥാപനം | വർഷം | പ്രൊജക്ട് | നൽകിയ വിഹിതം/ DD No, തീയതി(@20,000) | സാക്ഷ്യ പത്രം തീയതി | സാക്ഷ്യ പത്രപ്രകാരം ചെലവഴിച്ച | യഥാർത്ഥ ചെലവ്(രജി. പ്രകാരം) | വ്യത്യാസം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | തുക | | |
| പരപ്പനങ്ങാടി ഗ്രാ.പ | 2012-13 | SC | 4,39,875(@19,125), 635219/15-2-13 | 16-4-15 | 4,39,875 | 4,20,750 | (+)19,125 |
| | 2013-14 | SC | 6,40,000,720649/3-2-14 | 10-9-15 | 6,40,000 | 6,20,000 | (+)20,000 |
| | 2014-15 | Gl | 7,20,000,434789/ 9-1-15 | 14-9-15 | 7,20,000 | 6,60,000 | (+)60,000 |
| മുന്നിയൂർ ഗ്രാ.പ. | 2013-14 | Gl | 3,00,000,722029/ 7-2-14 | 14-3-16 | 3,00,000 | 3,80,000 | (-)80,000 |
| | 2013-14 | SC | 3,40,000,494134/18-3-14 | -ടി- | 3,40,000 | 3,60,000 | (-)20,000 |
| | 2014-15 | Gl | 5,02,500,434410/31-12-14 | 5-5-16 | 5,02,500 | 5,40,000 | (-)37,500 |
| തിരൂരങ്ങാടി ഗ്രാപ. | 2014-15 | SC | 1,20,000,715379/18-2-15 | 5-5-16 | 1,20,000 | 1,00,000 | (+)20,000 |
| | 2015-16 | Gl | 6,40,000,722814/23-9-15 | -ടി- | 6,40,000 | 5,40,000 | (+)1,00,000 |
| ജില്ലാ പഞ്ചായത്ത് | 2014-15 | Gl | 37,52,000,244006/3-2-15 | 22-2-16 | 51,80,000 | 50,96,000 | (+)84,000 |
| | | | 14,28,000,936041/12-3-15 | | | | |
| | 2014-15 | SC | 3,64,000,244537/11-2-15 | -ടി- | 19,04,000 | 17,64,000 | (+)1,40,000 |
| | | | 3,64,000,936059/12-3-15 | | | | |
| | | | 11,76,000,935855 | | | | |

സ്ഥാപനങ്ങൾ നൽകുന്ന തുകയും സാക്ഷ്യ പത്രത്തിലെ തുകയും തമ്മിൽ പൊരുത്തപ്പെടാത്തത് സാക്ഷ്യ പത്രത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടാൻ കാരണമാകുന്നു. ആയതിനാൽ ഘടക സ്ഥാപനങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയ തുകയിൽ നിന്നും സാക്ഷ്യ പത്രം നൽകുന്ന തീയതി വരെ ടി സ്ഥാപനങ്ങളുടെ പരിധിയിലെ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുക (അതാത് സ്ഥാപനങ്ങളുടെ വിഹിതം )പരിശോധിച്ച് യഥാർത്ഥ ചെലവ് തുക സാക്ഷ്യ പത്രത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്. കൂടാതെ, കൂടുതലോ കുറവോ ആണ് യഥാർത്ഥ ചെലവ് എങ്കിൽ ആയതിന്റെ വിശദ വിവരങ്ങളും സാക്ഷ്യ പത്രത്തിൽ പരാമർശിക്കേണ്ടതാണ്.

## 3-6 ഐ.എ.വൈ-തുക മുൻകൂറായി പിൻവലിച്ചു;നാളിതുവരെ വിതരണം ചെയ്തില്ല

2015-16 വർഷത്തിലെ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് ബ്ലോക്ക് വിഹിതം(32,000രൂപ) നൽകുന്നതിനായി തൻ വർഷത്തിൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുകകൾ പൂർണ്ണമായുംഗുണഭോക്താക്കൾക്ക് നൽകാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ,തുക | പ്രൊജക്റ്റ് നമ്പർ | ഗുണഭോക്താവ് | റിമാർക്ക്സ് |
|---|---|---|---|
| 30/15-16(9,60,000) | 7/16 | ശ്രീമതി ഫസീല റഹീം,ചക്കുങ്ങൽ ഹൗസ്, ചെറുമുക്ക്, നന്നമ്പ്ര | ഐ.എ.വൈ(ഒന്നാം ഗഡു), ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ.പണി പൂർത്തീകരിക്കാത്തതിനാൽ നോട്ടീസ് നൽകി.റവന്യൂ റിക്കവറിക്ക് നടപടി സ്വീകരിച്ചിട്ടുണ്ട് |
| 3,84,000 | 9/16 | ശ്രീമതി ഷീബ രവി, അരിയല്ലൂർ, വള്ളിക്കുന്ന് | ഐ.എ.വൈ(ഒന്നാം ഗഡു) മാത്രമേനൽകിയിട്ടുള്ളൂ. തുക പലിശ സഹിതം തിരിച്ചടച്ചു. |

| | | | |
|---|---|---|---|
| 4,16,000 | 9/16 | ശ്രീമതിബിന്ദു .പി. W/oശശിധരൻ, അരിയല്ലൂർ, വള്ളിക്കുന്ന് | ഐ.എ.വൈ(ഒന്നാം ഗഡു) മാത്രമേനൽകിയിട്ടുള്ളൂ. തുക പലിശ സഹിതം തിരിച്ചടച്ചു. |
| | | ശ്രീമതി മിനി, W/oശശി,കുട്ടാലക്കാവിൽ ഹൗസ്, മൂന്നിയൂർ | ഐ.എ.വൈ(ഒന്നാം ഗഡു) ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ.തുക പലിശ സഹിതം തിരിച്ചടച്ചു. |
| | | ശ്രീമതി രാജി, W/o സുരേഷ്, ചാലിയിൽ ഹൗസ്, വെളിമുക്ക്, മൂന്നിയൂർ | തുക ഒന്നും നൽകിയിട്ടില്ല. കരാർ റദ്ദ് ചെയ്തു. |

യഥാർത്ഥ ഉപയോഗത്തിനല്ലാതെ മുൻകൂറായി തുകകൾ പിൻവലിക്കാൻ പാടില്ലെന്നും ആവശ്യത്തിലധികമായി പിൻവലിച്ച്,വിതരണം ചെയ്യാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന തുകകൾ ചെലാൻ വഴി സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതാണ്എന്നും സർക്കാർ 12-4-2006ലെ ജി.ഒ(പി)177/2006 നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് നൽകാനായി പിൻവലിച്ചിട്ടുള്ളതും നാളിതുവരെ വിതരണം ചെയ്തിട്ടില്ലാത്തതുമായ തുക(32,000x5=1,60,000രൂപ) സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-7 കൊയ്ത്തുമെതി യന്ത്രം - വരവിന്റെ ഭൂരിഭാഗവും ചെലവ്, ശേഷിക്കുന്നത് നാമമാത്രമായ തുക

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്തുകളിലെ കൃഷിയിടങ്ങളിലെ ഉപയോഗത്തിനായി 2007-08 സാമ്പത്തിക വർഷത്തിൽ വാങ്ങിയ കൊയ്ത്തുമെതി യന്ത്രത്തിന്റെ കഴിഞ്ഞ 8 വർഷങ്ങളിലെ വരവ് - ചെലവ് കണക്കുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു(യന്ത്രം വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല).

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2008-09 | 9,70,168 | 2,84,332 |
| 2009-10 | 3,27,318 | 2,82,486 |
| 2010-11 | 17,911 | 57,759 |
| 2011-12 | 76,118 | 3,10,580 |
| 2012-13 | 75,016 | 4,630 |
| 2013-14 | 29,513 | 94,945 |
| 2014-15 | 2,51,286 | 2,76,694 |
| 2015-16 | 2,03,324 | 76,886 |

| | | |
|---|---|---|
| ആകെ = | 19,50,654 രൂപ | 13,88,312 രൂപ |

2008-09, 2009-10,2012-13,2015-16എന്നീ വർഷങ്ങളിൽ മാത്രമാണ് വരവ് തുക ചെലവിനേക്കാൾ ഉയർന്ന് നിൽക്കുന്നത് എന്ന് കാണാവുന്നതാണ്. മറ്റ വർഷങ്ങളിൽ വരവിനേക്കാൾ കൂടുതൽ തുക ടി യന്ത്രത്തിന്റെ ഡ്രൈവർക്കുള്ള വേതനം, അറ്റകുറ്റപ്പണികൾ എന്നിവക്കായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.മേൽ പരാമർശിച്ച പ്രകാരമുള്ള ആകെ വരവായ 19,50,654രൂപയുടെ 71ശതമാനവും ചെലവായതായി കാണാവുന്നതാണ്.

കാർഷിക മേഖലയിൽ വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്ന ഒരു ഉപകരണമാണ് കൊയ്ത്തുമെതിയന്ത്രം. ആവശ്യത്തിന് കർഷക തൊഴിലാളികളെ ലഭ്യമല്ലാത്ത ഇക്കാലത്ത് പ്രത്യേകിച്ചും . കാർഷിക രംഗത്തെ ബ്ലോക്ക് പഞ്ചായത്തിന്റെ ഫലപ്രദമായ ഇടപെടൽ എന്ന നിലക്ക് തികച്ചും ലാഭേച്ഛയോടെ അതിന്റെ വരവ് - ചെലവ് കണക്കുകളെ കാണുന്നത് ശരിയല്ലെങ്കിലും വരവ് - ചെലവുകൾ തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടു വരാനുള്ള നടപടികൾ ബ്ളോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.അറ്റകുറ്റപ്പണികൾക്ക് വരുന്ന കാലതാമസം മൂലം യന്ത്രം വാടകക്ക് നൽകാനാവാതെ വരുന്നതിനാലാണ് ഇടവിട്ടുള്ള വർഷങ്ങളിൽ വരുമാനം കുറയുന്നത് എന്ന്സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയതിനുള്ള പരിഹാരം എന്ന നിലയിൽ MKSP പോലുള്ള സർക്കാർ ഏജൻസികളുടെയോ തവനൂർ കാർഷിക കോളേജിന്റെയോ സഹായം ലഭ്യമാക്കാനും ശ്രമിക്കാവുന്നതാണ്.

## 3-8 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - വിശദ വിവരങ്ങൾ ലഭ്യമല്ല

2015-16 വർഷത്തിൽ താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ്/നമ്പർ | തുക | ഫണ്ട് | ഏജൻസി | DD No/തീയതി |
|---|---|---|---|---|---|
| 1 | Geriatric Home Care, SOO18/16 | 5,06,216 | വികസന ഫണ്ട് | KMSCL | 722891,29-1-16 |
| 2 | സ്ത്രീകളിലെ കാൻസർ രോഗ നിർണ്ണയം, SO111/16 | 63,636 | " | നീതി സ്റ്റോർ | 728208,5-4-16 |
| 3 | Pain & Palliative careunitകൾക്ക് മരുന്ന്,SO20/16 | 3,00,000 | വികസന ഫണ്ട് | KMSCL | 722890,29-1-16 |
| | | 93,125 | | നീതി സ്റ്റോർ | 728201,5-4-16 |
| | | 6,875 | | | 728202,5-4-16 |
| 4 | " ഉപകരണങ്ങൾ, SO114/16 | 2,63,727 | " | KMSCL,Nesto Home Plaza,Hanveev | 7725676,679,27-6-16,25-2-16 |
| | | 63,093 | | നീതി സ്റ്റോർ, Soorya Life Care, | 728205,206,8-4-16,5-4-16 |
| 5 | Dialysis kit വാങ്ങൽ, SOO19/16 | 8,00,000 | വികസന ഫണ്ട് | KMSCL | 722616,15-9-15 |
| | | 2,00,000 | | | 728203,5-4-16 |

1. മേൽ പരാമർശിച്ച പ്രകാരംവാങ്ങിയ മരുന്നുകളും ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെയും അവ വിതരണം ചെയ്തതിന്റെയും വിശദ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. ക്രമ നമ്പർ 3,4 എന്നിവ പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങി നൽകിയ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണോ എന്നതിന്റെയും അവയുടെ പ്രവർത്തനം

പാലിയേറ്റീവ് കമ്മറ്റി വിലയിരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ചെലവ് തുക 22,96,672 രൂപ താല്കാലികമായി തടസ്സം ചെയ്യുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം (ഗ്രാ.പ) | തുക | പദ്ധതി | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| മൂന്നിയൂർ | 620000<br>460000 | ഐ.എ.വൈ.(ജന.)<br>ഐ.എ.വൈ(എസ്.സി.) | 620000<br>420000 | 40000<br>40000 |
| നന്നമ്പ്ര | 500000<br>140000 | ഐ.എ.വൈ(ജന.)<br>ഐ.എ.വൈ(എസ്.സി.) | 460000<br>140000 | - |
| പെരുവള്ളൂർ | 460000<br>280000 | ഐ.എ.വൈ(ജന.)<br>ഐ.എ.വൈ(എസ്.സി.) | 460000<br>280000 | - |
| തേഞ്ഞിപ്പലം | 640000<br>260000 | ഐ.എ.വൈ(ജന.)<br>ഐ.എ.വൈ(എസ്.സി.) | 640000<br>260000 | 80000 |
| പരപ്പനങ്ങാടി | 700000<br>80000 | ഐ.എ.വൈ(ജന.)<br>ഐ.എ.വൈ(എസ്.സി.) | 700000<br>80000 | - |
| തിരൂരങ്ങാടി | 640000<br>- | ഐ.എ.വൈ(ജന.)<br>ഇല്ല | 540000 | 100000 |
| വള്ളിക്കുന്ന് | 480000<br>360000 | ഐ.എ.വൈ(ജന.)<br>ഐ.എ.വൈ(എസ്.സി.) | 460000<br>300000 | 20000<br>60000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

| ക്ര.നം. | വർഷം | തുക | ഉദ്യോഗസ്ഥൻ | രശീതി നം. തിയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | - | 10877/- | സുനിതസഹദേവൻ, തഹസിൽദാർ(ഐ.എ.വൈ.) | 11503400005, 30/05/2015 | DDNo.719968 8/5/15 |
| 2 | 2009-10 | 16300/- | വൽസലവാസു, (ഐ.എ.വൈ.) | 11503100015, 16/07/15 | |
| 3 | 2007-08 | 1286/-(IAY) | കുഞ്ഞിപ്പെണ്ണ്, തഹസിൽദാർ | RR11503400006, 30/09/2015 | |
| 4 | 2007-08 | 1286/- | “” | 11503100136, | |

| | | | | | |
|---|---|---|---|---|---|
| | | | | 13/11/2015 | |
| 5 | 2009-10 | 5290/- | ഉഷമനോജ് തഹസിൽദാർ(ഐ.എ.വൈ.) | 11503100137, 13/11/2015 | |
| 6 | 2007-08 | 5781/- | രജിതരാജൻ(ഐ.എ.വൈ.) | 11503400020, 18/11/15 | DD722092 30/10/2015 |
| 7 | | 45000/- | ബിന്ദുഗോപാലകൃഷ്ണൻ | 11503400028, 15/12/15 | DD723974 20/11/2015 |
| 8 | | 26500/- | “” | 11503400029, 15/12/15 | DD723975 20/11/15 |
| 9 | | 45000/- | “” | 11503400030, 15/12/15 | DD723976 20/11/15 |
| 10 | 2014-15 | 360/- | നാസിയ സിദ്ദീഖ് മുൻബ്ളോക്ക് മെംബർ | 11503100149 27/01/2016 | |
| 11 | 2007-08 | 9000/- | രജിതരാജൻ(ഐ.എ.വൈ.) | 11503400047 16/03/2016 | DD 725372 05/02/16 |
| 12 | 2011-12 | 20000/- | സൗമ്യ അനീഷ്കുമാർ | 11503100165 23/03/16 | |
| 13 | 2010-11 | 47700/- | ഇന്ദിര.പി.(ഐ.എ.വൈ.) | 11503100166 28/03/16 | |
| 14 | 2010-11 | 30000/- | ഉഷ.കെ | 11503100167 29/03/16 | |
| | Total | 2,73,760/- | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3(7) | 2006-07 | - | പൊതുമരാമത്ത് -അരിവിതരണം | നടപടി തുടരുന്നു |
| 2001-02 | 3(8) | 2006-07 | - | പൊതുമരാമത്ത് -അരിവിതരണം | നടപടി തുടരുന്നു |
| 2007-08 | 3(32) | 2010-11 | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ ) | : | 125992724 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 96333796 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 61,498 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 31,93,422 |

(ബി).ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 61498 | ശ്രീ ശ്രീ.പി.കൃഷ്ണൻ കുട്ടി.അസി.എക്സി. എഞ്ചിനീയർ, |
| | ആകെ | 61,498 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 8,96,750 | ശ്രീ. സുന്ദരൻ കെ.,പട്ടിക ജാതി വികസന ഓഫീസർ |
| 3-8 | 22,96,672 | താലൂക്ക് ആശുപത്രി സൂപ്രണ്ട് |
| ആകെ | 31,93,422 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.കൃഷ്ണൻ കുട്ടി, അസി.എക്സി. എഞ്ചിനീയർ, | അസി.എക്സി. എഞ്ചിനീയർ,തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്ത്. | പുതുപറമ്പിൽ ഹൗസ്, മുതിരിപറമ്പ്, പൂക്കോട്ടൂർ, വള്ളുവമ്പ്രം പി.ഒ, മലപ്പുറം, പിൻ-673651 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1995-97 | എൽ.എഫ്.എം.12/56/00/10-2-00 | 2 | |
| 97-98 | എൽ.എഫ്.എം.12/40/00/23-9-00 | 15 | |
| 98-99 | എൽ.എഫ്.എം.12/522/00/22-4-02 | 8 | |
| 99-00 | എൽ.എഫ്.എം.12/490/00/7-6-01 | 7 | |
| 2000-01 | എൽ.എഫ്.എം.16/1914/12/2-11-12 | 6 | |
| 2001-02 | എൽ.എഫ്.എം.14/1672/06/29-3-07 | 6 | |
| 02-03 | എൽ.എഫ്.എം.17/1693/06/14-3-07 | 3 | |
| 03-04 | എൽ.എഫ്.എം.4/225/12/31-10-12 | 8 | |
| 04-05 | എൽ.എഫ്.എം.17/932/07/7-5-08 | 5 | |
| 05-06 | എൽ.എഫ്.എം.4/256/12/15-9-12 | 5 | |
| 06-07 | എൽ.എഫ്.എം.16/2499/12/30-10-12 | 9 | |
| 07-08 | എൽ.എഫ്.എം.16/2500/12/21-1-13 | 30 | |
| 08-09-11-12 | എൽ.എഫ്.എം.4/2430/13/6-3-14 | 17 | |

| | | | |
|---|---|---|---|
| 12-13-13-14 | എൽ.എഫ്.എം.4/2483/14/31-10-14 | 10 | |
| 2014-15 | കെ.എസ്.എ.എംപിഎം.4/345/16/9.3.16 | 12 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.4/551/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.02-03-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## Annexure-2

## AUDIT CERTIFICATE

No. KSA-MPM-551/17

District Audit Office

Malappuram

Dated:02-03-2017

Certified that I have Audited the Annual Financial Statement of Tirurangadi Block Panchayat in Malappuram District for the year Ended on 31.03.16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Tirurangadi Block Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

mac3/17